## ACHENCOVIL DIVISION

**No. A1-51/2025** **28 March 2025**

**e- Auction Notification**

It is hereby notified that Teak timber IV & Teak Poles collected through thinning & final felling from 1987 TP Kodamala, 1957 TP Muthalathode & 1993 TP Pallivasal in Achencovil Range will be sold through e-Auction as shown in the schedule, by M/S MSTC Ltd, Bangalore, subject to the conditions published by the M/S MSTC Ltd and in the Kerala Gazette No.49 Vol.IV dated. 15.12.2015 vide Notification No.Pro.(4)26243/13 dated: 21.11.2015 of the Additional Principal Chief Conservator of Forests (P) Thiruvananthapuram and other conditions prevalent in the Forest Department. Besides the quantity shown in the schedule, the quantity if any delivered to dumping depots before the date of e-Auction and that could be lotted immediately before the e-auction will also be placed in the proposed e-auction. Those who wish to participate in the e-auction have to remit EMD as shown in the schedule as e-payment before the e-auction through MSTC limited. Registration number of the bidder should be entered while remitting the EMD amount. Bidders those who are registered and have remitted the EMD before the e-auction will be permitted to take part in the e-auction. Successful bidders will have to remit 35% of the bid amount within 7 (seven) days after obtaining the confirmation of e-auction sale from MSTC. If any successful bidder fails to remit the 35% amount within the stipulated time, the EMD will be forfeited to Govt. and which is non-refundable under any circumstances. If any of the Banks demand a commission for converting the Demand Draft to cash, the bidder will have to suffer the commission charges. Successful bidders will also have to remit the balance value, Forest Development Tax, GST, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

e-Auction documents and connected records are available in the website: www.mstcecommerce.com. The Earnest Money Deposit should be submitted on e-payment / e-treasury / demand draft / MSTC through the internet online banking of SBT or through NEFT for other banks. **For submission of e-auction visit the website**: www.mstcecommerce.com. The e-auction documents submitted manually /through post will not be entertained.

Online e-Auction/bids are to be accompanied with relevant documents. Any further clarification on this e-Auction can be obtained from NIC/ the e-Auction Helpdesk number available in the website www.mstcecommerce.com. and from the office of the

Divisional Forest Officer, Achencovil during the office hours. The details regarding e-Payment (Bidder's Bank Account No. where he/she is having core banking facility and email id) should be submitted along with the e-Auction documents. E-Auction documents with out these details will not be accepted. The Forest Department will not be responsible for any inconvenience or loss to the Bidder while uploading / downloading the documents.

The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned village officer, or any other approved identity documents along with the EMD through online. Those who do not produce any approved identity card or certificate will not be eligible to participate in the e-auction.

Intending persons may ensure the quantity and quality of materials put up for e-auction before the commencement of the same and no complaints will be entertained after the e-auction. In case any Govt. Department requires any of the materials put up for the e-auction, the quantity remaining after their selection only will be re-auctioned. The quantity that may become ready for sale after the publication of this notification will also be included in the e- auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this e- auction. The unsold materials in the e-auction will be re-auctioned.

Further details and information can be had from this office or the concerned Range Office during working hours.

## SCHEDULE

| Sl. No. | Range | Name of plantation | Name of Dumping site | Species & Class | Quantity | Remarks |
|---|---|---|---|---|---|---|
| 1 | Achencovil | 1987 TP Kodamala | Kodamala | Teak Poles V | 163 Nos. | 1 Lot |
| 2 | | 1957 TP Muthalathodu | Pallivasal | Teak Timber IV | 130 X 17.905 $M^3$ | 6 Lots |
| 3 | | 1993 TP Pallivasal | Kodamala | Teak Timber IV | 509 X 87.808 $M^3$ | 27 Lots |
| | | | | Teak Poles II C | 615 Nos. | 13 Lots |
| | | | | Teak Poles III | 692 Nos. | 7 Lots |
| | | | | Teak Poles IV | 394 Nos. | 2 Lots |
| | | | | Teak Poles V | 88 Nos. | 1 Lot |

**Date of e-auction**

| Name of Range | e-Auction dates |
|---|---|
| Achencovil | 08.04.2025, 16.04.2025, 29.04.2025 13.05.2025, 23.05.2025, 30.05.2025, 09.06.2025, 19.06.2025, 27.06.2025, 08.07.2025, 18.07.2025, 28.07.2025, 07.08.2025, 19.08.2025, 26.08.2025, 10.09.2025, 19.09.2025, 26.09.2025, 08.10.2025, 17.10.2025, 28.10.2025, 05.11.2025, 19.11.2025, 27.11.2025, 09.12.2025, 19.12.2025 & 30.12.2025 |

**Earnest Money Deposit**

| | | |
|---|---|---|
| Timber | - | **Rs. 50,000/-** |
| Teak poles, Teak Billet & JWFW | - | **Rs 20,000/-** |

The e-auction will be knocked down in the name of the highest bidders.

Those who are interested to participate in the e-auction should be registered buyer online with MSTC limited, Bangalore. Conditions for e-auction will be available at the website www.mstcecommerce.com.

Telephone No: Divisional Forest Office, Achencovil - 0475 - 2342315
Range Forest Office, Achencovil - 0475 - 2342530

Achencovil
28.03.2025

**ANEESH.S**
Divisional Forest Officer, Achencovil
(For and on behalf of Governor of Kerala)

**അച്ചൻകോവിൽ വനം ഡിവിഷൻ**

**നമ്പർ.എ1-51/2025** **28 മാർച്ച് 2025**

## ഇ-ലേലപ്പരസ്യം

അച്ചൻകോവിൽ ഡിവിഷനിലെ അച്ചൻകോവിൽ റെയിഞ്ചിലെ 1987 കോടമല, 1957 മുതലത്തോട്, 1993 പള്ളിവാസൽ എന്നീ തേക്ക് തോട്ടങ്ങളിൽ നിന്നും ഇടവെട്ടിലൂടെയും അന്തിമവെട്ടിലൂടെയും ശേഖരിച്ച തേക്ക് തടികൾ, തേക്ക് കഴകൾ എന്നിവ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) അവർകളുടെ 21.11.2015 ലെ പ്രൊ(4)-26243/13-ാം നമ്പറായി 15.12.2015 ലെ 49-ാം നമ്പർ കേരളഗസറ്റ് വാല്യം 4-ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ്/ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s MSTC, Ltd. www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, ടി ഇ-ലേലത്തിന് മുൻപുവരെ ശേഖരിച്ച് അട്ടിവയ്ക്കുന്ന ഉൽപ്പന്നങ്ങളും ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിനുമുൻപ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ-പേയ്മെന്റ്/ ഇ-ട്രഷറി/ ഡിമാൻഡ് ഡ്രാഫ്റ്റ് / എം.എസ്.റ്റി.സി. ലിമിറ്റഡ് വഴികെട്ടിവയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കുകൊള്ളുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. വിജയിക്കുന്ന ഇ-ലേലക്കാരൻ, ഇ-ലേലതുകയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട ഉൽപ്പന്നങ്ങളുടെ തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ട്കെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ച് നൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.റ്റി, വനവികസന നികുതി, വരുമാന നികുതി മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്നതിനായി സമർപ്പിക്കുന്ന നിരതദ്രവ്യം SBI യുടെ Internet Online Banking വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിയ്ക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു. എല്ലാ ഇ-ലേലപ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേലപ്രമാണങ്ങൾ www.mstcecommerce.com വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ എൻ.ഐ.സി- യിൽ നിന്നോ www.mstcecommerce.com വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Helpdesk–ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ -പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും ഇ-ലേല പ്രമാണങ്ങളോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേലപ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജോഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോധ്യപ്പെട്ടു കൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ

ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വിൽപനയ്ക്ക് വച്ചിട്ടുള്ള ഉൽപന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്ന പക്ഷം ആയത് കഴിച്ചുള്ള ഉൽപന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളു. വിവിധ തോട്ടങ്ങളിലെ ജോലികൾ നടന്നു നടന്നുകൊണ്ടിരിക്കുന്നതിനാൽ ലേലത്തിന് മുൻപ് വരെ ഡംബിഗ് ഡിപ്പോയിൽ ഇറക്കി ലോട്ട് ചെയ്യുന്ന ഉൽപന്നങ്ങൾ കൂടി ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും.

**പട്ടിക**

| ക്രമ നം. | റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അച്ചൻകോവിൽ | 1987 കോടമല തേക്ക് തോട്ടം | കോടമല | അഞ്ചാം തരം തേക്ക് കഴകൾ | 163 എണ്ണം | 1 ലോട്ട് |
| 2 | | 1957 മുതലത്തോട് തേക്ക് തോട്ടം | പള്ളിവാസൽ | നാലാംതരം തേക്ക് തടികൾ | 130 X 17.905 ഘന മീറ്റർ | 6 ലോട്ട് |
| 3 | | 1993 പള്ളിവാസൽ തേക്ക് തോട്ടം | കോടമല | നാലാംതരം തേക്ക് തടികൾ | 509 X 87.808 ഘന മീറ്റർ | 27 ലോട്ട് |
| | | | | രണ്ടാം തരം തേക്ക് കഴകൾ | 615 എണ്ണം | 13 ലോട്ട് |
| | | | | മൂന്നാം തരം തേക്ക് കഴകൾ | 692 എണ്ണം | 7 ലോട്ട് |
| | | | | നാലാം തരം തേക്ക് കഴകൾ | 394 എണ്ണം | 2 ലോട്ട് |
| | | | | അഞ്ചാം തരം തേക്ക് കഴകൾ | 88 എണ്ണം | 1 ലോട്ട് |

**ഇ-ലേല തീയതികൾ**

| റെയിഞ്ചിന്റെ പേര് | ഇ-ലേല തീയതികൾ |
|---|---|
| അച്ചൻകോവിൽ | 08.04.2025, 16.04.2025, 29.04.2025 13.05.2025, 23.05.2025, 30.05.2025, 09.06.2025, 19.06.2025, 27.06.2025, 08.07.2025, 18.07.2025, 28.07.2025, 07.08.2025, 19.08.2025, 26.08.2025, 10.09.2025, 19.09.2025, 26.09.2025, 08.10.2025, 17.10.2025, 28.10.2025, 05.11.2025, 19.11.2025, 27.11.2025, 09.12.2025, 19.12.2025 & 30.12.2025 |

## നിരതദ്രവ്യം

| | |
|---|---|
| തേക്ക് തടികൾ | - 50,000/- രൂപ |
| തേക്ക്കഴ, പാഴ്മര വിറക് | - 20,000/- രൂപ |

ഇ-ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ഇ-ലേലം സ്ഥിരപ്പെടുത്തുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ബാംഗ്ലൂർ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ, അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

| | |
|---|---|
| ഡിവിഷണൽ ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ | - 0475-2342315 |
| റെയിഞ്ച് ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ | - 0475-2342530 |

അനീഷ്.എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
അച്ചൻകോവിൽ
(കേരള ഗവർണ്ണർക്ക് വേണ്ടി)

അച്ചൻകോവിൽ
28.03.2025